"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിന് പീപ്പിൾസ് സർവീസ് സൊസൈറ്റി, പാലക്കാട്, ഇ-നാട് യുവജന സഹകരണ സംഘം, കോട്ടയം എന്നീ ഏജൻസികൾക്ക് അക്രഡിറ്റേഷൻ അനുവദിച്ചുകൊണ്ടും, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, തിരുവനന്തപുരം, ഗ്രാമീണ പഠന കേന്ദ്രം, കരകുളം, റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (RAIDCO) എന്നീ ഏജൻസികളുടെ അക്രഡിറ്റേഷൻ പുതുക്കി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.718/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. സ.ഉ(എം.എസ്) നം. 133/2013/തസ്വഭവ തീയതി 30//03/2013.
2. സ.ഉ(സാധാ) നം.1159/2013/തസ്വഭവ, തീയതി 26/04/2013.
3. സ.ഉ(സാധാ) നം.1983/2022/തസ്വഭവ തീയതി 16/08/2022.
4. സ.ഉ(സാധാ) നം.583/2023/തസ്വഭവ തീയതി 09/03/2023.
5. പീപ്പിൾസ് സർവീസ് സൊസൈറ്റി, പാലക്കാട് എക്സിക്യൂട്ടീവ് സെക്രട്ടറിയുടെ 17/03/2025-ലെ PSSP/Admn./496/2024-25 നമ്പർ അപേക്ഷ.
6. ഇ-നാട് യുവജന സഹകരണ സംഘം പ്രസിഡന്റ് സമർപ്പിച്ച തീയതിയോട് കൂടിയല്ലാത്ത അപേക്ഷ.
7. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25/07/2025-ലെ SEUF/HQ/ED/2025/021 നമ്പർ അപേക്ഷ.
8. ഗ്രാമീണ പഠന കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10/11/2025-ലെ GPK/GEN/178/2025 നമ്പർ അപേക്ഷ.
9. RAIDCO മാനേജിംഗ് ഡയറക്ടറുടെ 10/10/2025-ലെ റെയ്ഡ്കോ:എംഡി:1010:2025-26:അക്രഡിറ്റേഷൻ നമ്പർ കത്ത്.
10. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 12.01.2026, 09.03.2026 തീയതികളിൽ ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി തദ്ദേശസ്ഥാപനങ്ങൾക്ക് അംഗീകൃത

ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താൻ പരാമർശം (1) പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്രഡിറ്റേഷനുവേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം അക്രഡിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്. വിവിധ മേഖലകളിൽ അക്രഡിറ്റേഷൻ അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (5), (6) മുഖേന പീപ്പിൾസ് സർവീസ് സൊസൈറ്റി, പാലക്കാട്, ഇ-നാട് യുവജന സഹകരണ സംഘം, കോട്ടയം എന്നീ ഏജൻസികളും, അക്രഡിറ്റേഷൻ കാലാവധി അവസാനിച്ചതിനാൽ പുതുക്കി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (7), (8), (9) പ്രകാരം സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, തിരുവനന്തപുരം, ഗ്രാമീണ പഠന കേന്ദ്രം, കരകുളം, റെയ്ഡ്കോ, കണ്ണൂർ എന്നീ ഏജൻസികളും സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം (10) പ്രകാരം ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിൽ ടി അപേക്ഷകൾ പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ പുതുതായി അക്രഡിറ്റേഷൻ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ച പീപ്പിൾസ് സർവീസ് സൊസൈറ്റി, പാലക്കാട്, ഇ-നാട് യുവജന സഹകരണ സംഘം, കോട്ടയം എന്നീ ഏജൻസികൾക്ക് അവയുടെ നേരെ ചേർത്തിരിക്കുന്ന മേഖലകളിൽ ഉത്തരവ് തീയതി മുതൽ 3 വർഷത്തേക്ക് പരാമർശം (1) മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അക്രഡിറ്റേഷൻ നല്കിക്കൊണ്ടും, ഗ്രാമീണ പഠന കേന്ദ്രം, കരകുളം, റെയ്ഡ്കോ, കണ്ണൂർ എന്നീ ഏജൻസികൾക്ക് അക്രഡിറ്റേഷൻ അവസാനിച്ച 09/03/2023 തീയതി മുതൽ 3 വർഷത്തേക്ക് അവയുടെ നേരെ ചേർത്തിരിക്കുന്ന മേഖലകളിൽ അക്രഡിറ്റേഷൻ പുതുക്കി നല്കിക്കൊണ്ടും, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ അക്രഡിറ്റേഷൻ കാലാവധി അവസാനിച്ച 16/08/2025 മുതൽ 31/05/2026 വരെ അതിന്റെ നേരെ ചേർത്തിരിക്കുന്ന മേഖലകളിൽ താല്ക്കാലികമായി അക്രഡിറ്റേഷൻ പുതുക്കി നല്കിക്കൊണ്ടും ഉത്തരവാകുന്നു. ഏജൻസികൾ ശേഷിക്കധികരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടുള്ളതല്ല.

| ക്രമ നം. | ഏജൻസിയുടെ പേര് | മേഖല |
|---|---|---|
| 1. | പീപ്പിൾസ് സർവീസ് സൊസൈറ്റി, പാലക്കാട്. | മഴവെള്ള സംഭരണികൾ, മഴവെള്ള റീ-ചാർജ്ജിംഗ് നിർമ്മിതികൾ, തടയണകൾ, കുളങ്ങളുടെ നിർമ്മാണം, മറ്റ് ജലസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയ വാട്ടർഷെഡ് മാനേജ്മെന്റുമായി ബന്ധപ്പെട്ട മേഖലകളിൽ. |

| | | |
|---|---|---|
| 2. | ഇ-നാട് യുവജനസഹകരണ സംഘം, കോട്ടയം. | മാലിന്യ സംസ്കരണ മേഖലയിൽ ഇനോക്കുലം വിതരണം ചെയ്യുന്നതിനും, ജീബിന്നുകൾ, ബയോകമ്പോസ്റ്റർ ബിന്നുകൾ എന്നിവ വിതരണം ചെയ്യുന്നതിനും. |
| 3. | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, തിരുവനന്തപുരം. | കുടിവെള്ള ശുചിത്വ മേഖലകളിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അക്രഡിറ്റേഷൻ അനുവദിക്കുന്നു. (31/05/2026 വരെ മാത്രം). എന്നാൽ ഈ അക്രഡിറ്റേഷൻ സിവിൽ വർക്കുകൾ ഏറ്റെടുക്കുന്നതിന് ബാധകമല്ല. |
| 4. | ഗ്രാമീണ പഠനകേന്ദ്രം, കരകുളം. | തദ്ദേശ സ്വയംഭരണ വകുപ്പ സ്ഥാപനങ്ങളിൽ ജി.ഐ.എസ്/ജി.പി.എസ് സംവിധാനങ്ങൾ, റോഡ് കൺസൾട്ടൻസി മാപ്പിംഗ്, ജിയോ മാപ്പിംഗ് എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിൽ. |
| 5. | റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (RAIDCO) കണ്ണൂർ. | മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റിംഗ് യൂണിറ്റ്, പൈപ്പ് കമ്പോസ്റ്റ്, ഇൻസിനറേറ്റർ എന്നിവയുടെ സ്ഥാപനത്തിനും മെയ്ന്റനൻസിനും. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
2. ഡയറക്ടർ ജനറൽ, കില തൃശ്ശൂർ.
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
5. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ.

6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

7. എക്സിക്യൂട്ടീവ് സെക്രട്ടറി, പീപ്പിൾസ് സർവീസ് സൊസൈറ്റി, ഡയോസീഷ്യൻ പാസ്റ്ററൽ സെന്റർ, ചക്കാന്തറ, പള്ളിപ്പുറം പി.ഒ, പാലക്കാട്, 678006.

8. പ്രസിഡന്റ്, ഇ-നാട് യുവജന സഹകരണ സംഘം, വെളിയന്നൂർ പി.ഒ, കോട്ടയം.

9. എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, (SEUF), JAKRA 43, വി.ജെ ലെയ്ൻ, വെള്ളയമ്പലം, തിരുവനന്തപുരം 695010.

10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഗ്രാമീണ പഠന കേന്ദ്രം, കരകുളം, തിരുവനന്തപുരം, 695564.

11. മാനേജിംഗ് ഡയറക്ടർ, റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (RAIDCO) കണ്ണൂർ 670002.

12. എല്ലാ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

13. എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

14. എല്ലാ നഗരസഭാ ചെയർമാൻമാർക്കും/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 13-03-2026 12:30:10
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്.